**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**<u>ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം</u>**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 165** | **16.06.2014-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീമതി ഇ.എസ്. ബിജിമോൾ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസ്സുകൾ അന്വേഷിക്കാൻ ആഭ്യന്തര സുരക്ഷാ അന്വേഷണം എന്ന പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി ഏതുഘട്ടം വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 17-07-2010 ലെ സ. ഉ. (സാധാ) നം. 2333/2010/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനായി ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗം (ISIB) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരിക്കുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (ബി) 17-07-2010 ലെ സ. ഉ. (സാധാ) നം. 2333/2010/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഐ.എസ്.ഐ.ബി. 23.09.2010 മുതൽ പ്രവർത്തിച്ചുവരുന്നു. ഒരു എസ്.പി.യുടെ നേതൃത്വത്തിൽ കേസുകൾ അന്വേഷിക്കുന്നതിനായി പ്രാദേശികാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സബ് യൂണിറ്റുകളായാണ് ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം പ്രവർത്തിക്കുന്നത്. |
| (സി) ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട് ലോക്കൽ പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ